# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3493

## 15/03/2018 ന് മറുപടി നൽകേണ്ടത്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാത്ത തുക തിരിച്ച് പിടിക്കുന്നതിന് നടപടി**

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുല്ല

**മറുപടി**
ഡോ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള പൊതു വിഭാഗം ഫണ്ടിൽ നിന്ന് മാർച്ച് 31 വരെ ചെലവഴിക്കാത്ത തുക തിരിച്ച് പിടിക്കാൻ ധനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | നിലവിലുള്ള സംവിധാനമനുസരിച്ച് പ്രാദേശിക സർക്കാരുകൾക്ക് ബില്ലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് നേരിട്ട് പണം പിൻവലിക്കാനുള്ള അധികാരം നൽകിയിട്ടുണ്ട്. അതാത് സാമ്പത്തിക വർഷം മാർച്ച് 31നകം ചെലവഴിക്കാത്ത തുക ലാപ്സാകുകയാണ് ചെയ്യുന്നത്. |
| (ബി) | ഇതു സംബന്ധമായി ധനകാര്യ വകുപ്പ് പഞ്ചായത്തുകൾക്ക് സർക്കുലർ അയയ്ക്കുക ഉണ്ടായോ; | ഇല്ല |
| (സി) | താൽക്കാലിക ജീവനക്കാരുടെ മാർച്ച് മാസത്തിലെ ശമ്പളവും മറ്റു ബില്ലുകളും ഏപ്രിൽ മാസത്തിലാണ് കൊടുത്തുതീർക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | താല്ക്കാലിക വിഭാഗത്തിന്റെ മാത്രമല്ല എല്ലാ വിഭാഗം സംസ്ഥാന ജീവനക്കാരുടേയും ഓരോ മാസത്തേയും ശമ്പളം തൊട്ടടുത്ത മാസമാണ് വിതരണം നടത്തുന്നത്. മറ്റ് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് മാറി നൽകുന്നത്. |
| (ഡി) | സർക്കുലർ പ്രാവർത്തികമാകുന്നതോടെ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ അവതാളത്തിലാകുമെന്ന ഈ രംഗത്തുള്ളവരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കുമോ; വ്യക്തമാക്കാമോ? | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ